**പതിനാലാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2307 | 09.03.2018 ലെ മറുപടിക്ക്

**<u>വനഭൂമി സംരക്ഷണം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.പി.കെ.ശശി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ കണക്ക് പ്രകാരം സംസ്ഥാന വനഭൂമിയുടെ കണക്ക് വ്യക്തമാക്കുമോ ; | (എ) സംസ്ഥാന സർക്കാരിന്റെ കണക്ക് പ്രകാരം നിലവിലെ സംസ്ഥാന വനഭൂമി 11,30,947.54 ഹെക്ടറാണ് (11309.4754 ച.കി) (സ്രോതസ്സ്-ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ്- 2016). |
| (ബി) സംസ്ഥാനത്തെ വനാതിർത്തി നിർണ്ണയിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) 2017-18 വരെയുള്ള കണക്കെടുത്തതിൽ സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16,845 കിലോമീറ്ററാണ്. പ്രകൃത്യാലുള്ളതുൾപ്പെടെ ഇതിൽ 14204- കിലോമീറ്ററോളം വനാതിർത്തി വേർതിരിച്ചു കഴിഞ്ഞിട്ടുണ്ട്. 2017 മാർച്ച് മാസം അവശേഷിക്കുന്നതായി കണക്കാക്കിയ 2641-കിലോമീറ്ററോളം വനാതിർത്തി സർവ്വെ ചെയ്ത് ജണ്ട ഇട്ട് തിരിക്കുവാൻ ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു. 2017-18 വർഷത്തിൽ 28.02.2018 വരെ വേർതിരിക്കാനുള്ള അതിർത്തിയിൽ 12258 സ്ഥിരം ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്. |
| (സി) വനഭൂമി സംരക്ഷണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം ; വനവിഭവങ്ങളുടെ കൊള്ള നടക്കുന്നുണ്ടോ ; എങ്കിൽ ആയതു തടയുവാനായി എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ ; | (സി) വനഭൂമി സംരക്ഷണത്തിനായും, വനസംരക്ഷണത്തിനായും ജി.പി.എസ്, ജി.ഐ.എസ്, വയർലെസ്സ്, ക്യാമറ ട്രാപ്, ഫയർ അലർട്ട് തുടങ്ങിയ ശാസ്ത്രീയ ജാഗ്രതാസംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. കൂടാതെ ഗൗരവകരമായ കുറ്റകൃത്യങ്ങളിൽ പോലീസ് സഹായത്തോടെ കുറ്റകൃത്യം നടന്ന സ്ഥലത്തെ മൊബൈൽ ടവർ വിവരങ്ങൾ പ്രതികളെ കണ്ടുപിടിക്കുന്നതിന് ഉപയോഗിക്കുന്നുണ്ട്. ഉൾവനങ്ങളിലെ ആശയവിനിമയം സുഗമമാക്കുന്നതിനായി വയർലെസ്സ് സംവിധാനം ഉപയോഗിക്കുന്നുണ്ട്. മറ്റു പ്രദേശങ്ങളിൽ വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി സംരക്ഷണവിഭാഗം ജീവനക്കാർക്ക് ഔദ്യോഗിക മൊബൈൽ സിം കാർഡുകൾ |

നല്കിയിട്ടുണ്ട്. നിലവിൽ വനസംരക്ഷണത്തിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന പട്രോളിംഗ്, സംയോജിത പരിശോധനകൾ, രാത്രികാല പരിശോധന, വനാന്തരങ്ങളിൽ ക്യാമ്പുചെയ്തുകൊണ്ടുള്ള പട്രോളിംഗ് ഓപ്പറേഷനുകൾ, റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം മുതലായവ കൂടുതൽ കാര്യക്ഷമമായി ഉപയോഗിച്ചുവരുന്നു. വനസംരക്ഷണ വിഭാഗം ജീവനക്കാരും താൽക്കാലിക വാച്ചർമാരും ഉൾപ്പെടുന്ന സംഘം മികച്ച രീതിയിൽ വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. വനാതിർത്തി സർവ്വേ ചെയ്ത് ജണ്ടകൾ നിർമ്മിച്ച് വനഭൂമിയെ സ്വകാര്യ ഭൂമിയിൽ നിന്നും വേർതിരിക്കുന്നതിനായി ടോട്ടൽ സ്റ്റേഷൻ പോലുള്ള സർവ്വേ ഉപകരണങ്ങളും ഉപയോഗിക്കുന്നുണ്ട്.

വനവിഭവങ്ങളുടെ കൊള്ള ശക്തമായ രീതിയിൽ പ്രതിരോധിക്കുകയും, തടയുകയും ചെയ്യുന്നുണ്ട്. വനവിഭവങ്ങളുടെ കൊള്ള തടയുന്നതിനായി മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം തന്നെ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്.

(ഡി) വനപരിപാലനത്തിനായി വനം വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; ഇതിനായി വർഷാവർഷം ചെലവാക്കുന്ന തുക എത്ര എന്നും ഇതിൽ നിന്നുമുണ്ടായ ഗുണകരമായ സ്ഥിതി വിശേഷങ്ങൾ എന്ത് എന്നും വ്യക്തമാക്കുമോ;

(ഡി) വന സംരക്ഷണത്തിനും വനപരിപാലനത്തിനുമായി ചുവടെ പറയുന്ന പ്രവൃത്തികൾ ചെയ്തുവരുന്നു.

1. വനാതിർത്തി സർവ്വേയും ജണ്ട നിർമ്മാണവും
2. മറ്റുവകുപ്പുകളിൽ നിന്നും പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ/ പുൽമേടുകൾ തുടങ്ങിയ സ്ഥലങ്ങളും, റിസർവ്വ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികളും റിസർവ്വ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിനാവശ്യമുള്ള നടപടികൾ.
3. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ.
4. പുതുതായി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ.
5. ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ്.
6. വനം വകുപ്പുമായി ബന്ധപ്പെട്ട പുരാതന രേഖകൾ സൂക്ഷിക്കുന്നതിനായി ആധുനിക രീതിയിലുള്ള ഒരു റിക്കാർഡ് റൂം സ്ഥാപിക്കുന്നതിനുള്ള നടപടികൾ.
7. വനം കയ്യേറ്റങ്ങൾ തടയുന്നതിനുള്ള നടപടികൾ.
8. വനാതിർത്തികളിൽ ജൈവ [illegible] ഗ്രാസ്സ് വളർത്തൽ.

9. വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് വനവിഭവങ്ങളുടെയും, വന്യജീവികളുടെയും സംരക്ഷണം.
10. നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ മറയൂർ ചന്ദന ഡിപ്പോയുടെ സംരക്ഷണം.
11. പങ്കാളിത്ത വനപരിപാലനം.

2016-2017 സാമ്പത്തികവർഷത്തിൽ പദ്ധതി ഇനത്തിൽ 243.23 കോടി രൂപയും, 2017-18 സാമ്പത്തികവർഷത്തിൽ പദ്ധതി ഇനത്തിൽ ഫെബ്രുവരി മാസം വരെ 128.39 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

പരിസ്ഥിതി-മണ്ണ്-ജലസംരക്ഷണ നടപടികളിലൂടെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും വനാശ്രിത സമൂഹത്തിന്റെ സുസ്ഥിര വികസനം സാധ്യമാക്കു-ന്നതിനും വനപരിപാലന പ്രവൃത്തികളിലൂടെ കഴിയുന്നു. വ്യവസായ ആവശ്യങ്ങൾക്കായുള്ള അസംസ്കൃത വസ്തുക്കളായ മുള, ഈറ തുടങ്ങിയവ വനപരിപാലന-ത്തിലൂടെ ലഭ്യമാക്കുന്നുണ്ട്. 2016-17 സാമ്പത്തിക-വർഷം റവന്യൂ ഇനത്തിൽ 263.36 കോടി രൂപയും 2017-18 സാമ്പത്തികവർഷത്തിൽ 15.02.2018 വരെ 225.41 കോടി രൂപയും സമാഹരിക്കാൻ വനം വകുപ്പിന് സാധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ